**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിന്റെ പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയത്തിന് എം.എൽ. ജേക്കബ്ബ് ഇൻഡോർ സ്റ്റേഡിയം, ചാലക്കുടി എന്ന് നാമകരണം ചെയ്യുന്നതിനായി നഗരസഭ സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയത്തിന് എം.എൽ.ജേക്കബ്ബ് ഇൻഡോർ സ്റ്റേഡിയം, ചാലക്കുടി എന്ന നാമകരണം ചെയ്യുന്നതിനായി നഗരസഭ സമർപ്പിച്ച അപേക്ഷ ഈ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (ബി) | ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിൽ വുഡൻ ഫ്ലോറിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ? | (ബി) | ചാലക്കുടി ഇൻഡോർ സ്റ്റേഡിയത്തിൽ വുഡൻ ഫ്ലോറിംഗ് സൗകര്യം ഫണ്ടിന്റെ അപര്യാപ്തത മൂലം ആദ്യ ഘട്ടത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ച് മുനിസിപ്പാലിറ്റിക് കൈമാറിയിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ ഓപ്പറേഷൻ, മെയിന്റൻസ് എന്നിവയുടെ നടത്തിപ്പിനായി എം.എൽ.എ രക്ഷാധികാരിയായി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി സ്റ്റേഡിയത്തിൽ ഏർപ്പെടുത്തേണ്ട അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ